**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – ലോക വികലാംഗദിനാഘോഷം 2016 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം യഥേഷ്ടാനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3337/2016/തസ്വഭവ — തിരുവനന്തപുരം, തീയതി: 07/12/2016

---

പരാമർശം:- 1. സാമൂഹ്യനീതി ഡയറക്ടറുടെ 05.11.2016-ലെ എച്ച്2-32572/16 നമ്പർ കത്ത്.

2. ജി.ഒ.(എം.എസ്.) 58/06/തസ്വഭവ തീയതി: 16.02.2006.

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2016 ഡിസംബർ 3-ാം തീയതി വികലാംഗദിനമായി ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ആചരിക്കുന്നതിന്റെ സംഘാടന ചെലവുകൾക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. ലോക വികലാംഗദിനമായി ആചരിക്കുന്ന 2016 ഡിസംബർ 3-ന് സംസ്ഥാന – ജില്ലാതലത്തിൽ നടത്തുന്ന പരിപാടികളുടെ സംഘാടന ചെലവുകൾക്ക് സംസ്ഥാനത്തെ ഗ്രാമ പഞ്ചായത്തുകൾ പരമാവധി 3000/- (മൂവായിരം രൂപ മാത്രം) വീതവും ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും പരമാവധി 7000/- (ഏഴായിരം രൂപ മാത്രം) വീതവും കോർപ്പറേഷനുകൾ പരമാവധി 12,000/- (പന്ത്രണ്ടായിരം രൂപ മാത്രം) വീതവും തനത് ഫണ്ടിൽ നിന്നും അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2)ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിധേയമായി അതാത് ജില്ലാ സാമൂഹ്യനീതി ആഫീസർക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

കൈപ്പറ്റുന്ന തുകയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് പ്രസ്തുത ജില്ലാ സാമൂഹ്യനീതി ഓഫീസർ വരവ് ചെലവുകളുടെ അടിസ്ഥാനത്തിലുള്ള ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ വകുപ്പ് / സാമൂഹ്യ നീതി വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്))
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
Liya
സെക്ഷൻ ഓഫീസർ.